**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **06-12-2022 - ൽ മറുപടിയ്ക്ക്**

**കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കയർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ :-<br><br>1. കയർ മേഖലയിൽ ക്ലസ്റ്റർ വികസനവും തൊണ്ടു ശേഖരണ പരിപാടിയും.<br><br>2. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും.<br><br>3. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.<br><br>4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.<br><br>5. വിപണനം, പരസ്യപ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.<br><br>6. കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം).<br><br>7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ).<br><br>8. ക്രയവില സ്ഥിരതാ പദ്ധതി.<br><br>9. കയർ ഭൂവസ്ത്ര വികസന പരിപാടി.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം. |
| (ബി) | മലബാറിലെ കയർ നിർമ്മാണ മേഖലയിൽ എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | മലബാറിലെ കയർ നിർമ്മാണ മേഖലയിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ